പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .173

10.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി

ചോദ്യം | മറുപടി

| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം നൽകാനുണ്ടായിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനവിഹിതവും കേന്ദ്രവിഹിതവും ഉൾപ്പെടെ 21,57,00,000 രൂപ ജില്ലകൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക പൂർണ്ണമായും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയോ; | (ബി) | പദ്ധതിയിൽ അംഗമായി അക്കൗണ്ട് എടുത്ത ഗുണഭോക്താക്കൾക്കെല്ലാം തന്നെ തുക നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് അക്കൗണ്ട് എടുക്കുന്ന മുറയ്ക്ക് തുക ലഭ്യമാക്കുന്നതാണ്. |
| (സി) | എങ്കിൽ ഏതു മാസമാണ് തുക നൽകിത്തുടങ്ങിയതെന്നും ഏതുമാസമാണ് പൂർണ്ണമായും ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ; | (സി) | 2012 ജൂലായ് മാസം മുതൽ ബാങ്ക് അക്കൗണ്ട് എടുത്ത മത്സ്യ തൊഴിലാളികൾക്ക് ഈ തുക നൽകി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത തുക ലഭ്യമാക്കണമെങ്കിൽ ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇത് നിർബന്ധമാക്കിയതെന്നും ഇതുമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നേട്ടം എന്തെന്നും വ്യക്തമാക്കാമോ ? | (ഡി) | പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി 2011-12 വർഷം മുതൽ ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയും നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കുകൾ വഴിയാണ് തുക വിതരണം ചെയ്യുന്നത്. മത്സ്യത്തൊഴിലാളികൾക്ക് സൗകര്യപ്രദമായ സമയത്ത് ബാങ്കിൽ പോയോ, എ.ടി.എം മുഖാന്തിരമോ തുക പിൻവലിക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനും ഇതു മൂലം കഴിയുന്നുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ